പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2214 — 17.6.2014-ൽ മറുപടിയ്ക്ക്

**കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ചതും പ്രവർത്തനം തുടങ്ങാത്തതുമായ പൊതുമേഖലാ സ്ഥാപനങ്ങൾ**

**ചോദ്യം**

**ശ്രീ.കെ.കെ.നാരായണൻ**

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്രയെണ്ണം ഇതുവരെയായും പ്രവർത്തനം ആരംഭിക്കാത്തവ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

**ഉത്തരം**

**ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)**

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ 10 പുതിയ യൂണിറ്റുകളിൽ താഴെപറയുന്ന 6 യൂണിറ്റുകൾ വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിച്ചു.

| Sl. No | Projects |
|---|---|
| 1 | Tool room cum Training Centre, Kozhikode - Kerala SIDCO. |
| 2 | Tool room cum Training Centre, Kuttippuram – KSEDC |
| 3 | House Wiring cable Unit, Kannur – TRACO |
| 4 | Machining Unit, Shornur – SIFL |
| 5 | Hi-Tech Bamboo Tile Factory, Kozhikode – KSBC |
| 6 | Container Freight Station, Ernakulam – KSIE |

ഇനിയും ഉൽപ്പാദനം ആരംഭിക്കാനുള്ള സ്ഥാപനങ്ങളും ഉൽപ്പാദനം ആരംഭിക്കാനുള്ള കാലതാമസത്തിന്റെ കാരണവും ചുവടെ ചേർക്കുന്നു.

**Komalapuram Spinning and Weaving Mills, Alappuzha**

കേരള സ്പിന്നേഴ്സിൽ ഉണ്ടായിരുന്ന തൊഴിലാളികളുടെ പുനർനിയമനം സംബന്ധിച്ച കേസ് ബഹു: കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാൽ നിയമന നടപടികൾ പൂർത്തിയായിട്ടില്ല. മില്ല് വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിനുള്ള പ്രാരംഭ ആവശ്യങ്ങൾക്കായി പ്രവർത്തനമൂലധനമെന്ന നിലയ്ക്ക് 2012-13-ൽ 153.50 ലക്ഷം രൂപയും 2013-14-ൽ 92.50 ലക്ഷം രൂപയും സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്.

## Hi Tech Weaving Factory, Kannur & Uduma Textile Mill, Kasargode

വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തനമാരംഭിക്കുന്നതിനായി സജ്ജമായിട്ടുണ്ട്. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് ബഹു: ഹൈക്കോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ നിയമന നടപടികളിൽ പുരോഗതി ഉണ്ടായിട്ടില്ല. പ്രാരംഭ ആവശ്യങ്ങൾക്കായി പ്രവർത്തനമൂലധനമെന്ന നിലയ്ക്ക് 232 ലക്ഷം രൂപ സർക്കാർ ധനസഹായം നൽകിയിട്ടുണ്ട്. കേസുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടികൾ എടുക്കണമെന്ന നിർദ്ദേശം സ്റ്റാൻഡിംഗ് കൗൺസിലിന് നൽകിയിട്ടുണ്ട്.

## L.C.D Meter Unit, Palakkad

United Electrical Industries Limited-ന്റെ എൽ.സി.ഡി മീറ്റർ ഉൽപ്പാദിപ്പിക്കുന്ന പദ്ധതി ചില സാങ്കേതിക കാരണങ്ങളാൽ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

സെക്ഷൻ ഓഫീസർ